# എസ്.വി.എ.യു.പി സ്കൂൾ
# കുലിക്കിലിയാട്

**Call : 0466 2266171, 9567531677**
Email: svaup20366@gmail.com




# Academic Master Plan
# 2025-26

# മലയാളം

പ്രവർത്തനം :1
പേര് :വായനക്കൂട്ടം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| വിദ്യാലയ വിഭവങ്ങൾ സമൂഹവുമായി പങ്കിടൽ | വിദ്യാലയ ലൈബ്രറിയിലെ പുസ്തകങ്ങൾ രക്ഷിതാക്കൾ,നാട്ടിലെ വായനാതൽപരർ എന്നിവർക്ക് വായിക്കുവാൻ നൽകൽ, അമ്മ വായന,നല്ല വായനക്കാരനെ ആദരിക്കൽ | ആവശ്യാനുസരണം | വിദ്യാരംഗം കലാസാഹിത്യവേദി |

പ്രവർത്തനം :2
പേര് :രചനാശിൽപശാല

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| സർഗാത്മക രചനകളിൽ ഏർപ്പെടാൻ അവസരമൊരുക്കൽ, വായനാസാമഗ്രികളുടെ നിർമ്മാണം | കഥാരചന കവിതാരചന ചിത്രരചന ശില്പശാലകൾ സംഘടിപ്പിക്കൽ, ഉൽപ്പന്നങ്ങൾ അച്ചടിച്ച് പ്രസിദ്ധീകരിക്കൽ, ക്ലാസ് മുറിയിലെ പഠനസാമഗ്രിയായി മേൽപ്പറഞ്ഞ ഉൽപ്പന്നങ്ങളെ ഉപയോഗിക്കൽ | ഒരു അധ്യയന വർഷം | വിദ്യാരംഗം കലാസാഹിത്യവേദി |

പ്രവർത്തനം :3
പേര് :സർഗ്ഗസല്ലാപം
മേഖല/ഉപമേഖല : അക്കാദമികം/ ഭാഷാ വികസനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| വിവിധ ഭാഷാശേഷികൾ കൈവരിക്കുക | പ്രാദേശികമായി ലഭ്യമാകുന്ന എഴുത്തുകാരെ സ്കൂളിൽ എത്തിക്കൽ, അവരുടെ വായന, എഴുത്ത്, അനുഭവങ്ങൾ കുട്ടികളുമായി പങ്കുവെക്കൽ | വർഷത്തിൽ ഒന്ന് | HM,<br>പി ടി എ,<br>വിദ്യാരംഗം കലാസാഹിത്യ വേദി |

പ്രവർത്തനം :4
പേര് :മധുരം മലയാളം
മേഖല/ഉപമേഖല : അക്കാദമികം/ഭാഷാശേഷികളുടെ വികസനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| എല്ലാ കുട്ടികളെയും എഴുത്തും വായനയും സ്വായത്തമാക്കാൻ സഹായിക്കുക, സർഗാത്മക രചനകളിൽ ഏർപ്പെടാൻ അവസരം ഒരുക്കുക | പിന്നാക്കം നിൽക്കുന്നവരെ കണ്ടെത്തി പ്രത്യേക ക്ലാസുകൾ സംഘടിപ്പിക്കൽ | ഒരു അധ്യയന വർഷം | ക്ലാസ്സ് അധ്യാപകർ, മലയാളം അധ്യാപകർ |

പ്രവർത്തനം :5
പേര് :നാടകക്കളരി
മേഖല/ഉപമേഖല : അക്കാദമികം/ഭാഷാശേഷികളുടെ വികസനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| ഒരു സാഹിത്യ രൂപത്തെ മറ്റൊരു സാഹിത്യ രൂപത്തിലേക്ക് മാറ്റൽ | പരിചയപ്പെട്ടിട്ടുള്ള ബാലസാഹിത്യ നോവലുകൾ/ ചെറുകഥകൾ എന്നിവയുടെ നാടകാവിഷ്കരണം | ദ്വിമാസ പരിപാടി | വിദ്യാരംഗം കലാസാഹിത്യവേദി |

പ്രവർത്തനം :6
പേര് :ഗ്രന്ഥശാലാശാക്തീകരണം
മേഖല/ഉപമേഖല : അക്കാദമികം/ഭാഷാശേഷികളുടെ വികസനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| വിവിധ സാഹിത്യ രൂപങ്ങൾ പരിചയപ്പെടാൻ അവസരം ഒരുക്കൽ | ഗ്രന്ഥശാലയിലേക്ക് കൂടുതൽ പുസ്തകങ്ങൾ ഭവന സന്ദർശനത്തിലൂടെ കണ്ടെത്തൽ, പുസ്തകങ്ങൾ വർഗ്ഗീകരിച്ച് ക്രമീകരിക്കൽ കാറ്റലോഗ്,വിതരണ രജിസ്റ്റർ എന്നിവ ശാസ്ത്രീയമാക്കൽ | വർഷത്തിൽ ഒന്ന് | HM,<br>പി ടി എ,<br>വിദ്യാരംഗം കലാസാഹിത്യ വേദി |

പ്രവർത്തനം :7
പേര് :പിറന്നാളിന് ഒരു പുസ്തകം
മേഖല : അക്കാദമികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| ക്ലാസ്/ സ്കൂൾ ലൈബ്രറികളുടെ വികാസം | കുട്ടികൾ ജന്മദിനത്തിൽ ഒരു പുസ്തകം വീതം ഗ്രന്ഥശാലയിലേക്ക് സംഭാവന ചെയ്യുന്നു. | അധ്യയന വർഷം മുഴുവൻ | ക്ലാസ് ടീച്ചർ,<br>ക്ലാസ് ലീഡർ,<br>HM |

പ്രവർത്തനം :8
പേര് :നാടൻ പാട്ട് കളരി
മേഖല : അക്കാദമികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| വിവിധ ഭാഷാശേഷികളുടെ വികാസം. | നാടൻ പാട്ട് കളരി സംഘടിപ്പിക്കുന്നു. | വർഷത്തിൽ ഒന്ന് | HM,<br>വിദ്യാരംഗം കലാസാഹിത്യ വേദി |

പ്രവർത്തനം :9
പേര് :ദിനാചരണങ്ങൾ
ഉപമേഖല : സമഗ്ര വികസനം


| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| വിവിധ ശേഷികളുടെ വികസനം | ജൂൺ മുതൽ മാർച്ച് വരെ ഭാഷയുമായി ബന്ധപ്പെട്ട വിവിധ ദിനാചരണങ്ങൾ സംഘടിപ്പിക്കുന്നു. | അധ്യയന വർഷം മുഴുവൻ | വിദ്യാരംഗം കലാസാഹിത്യവേദി |

ARABIC

# അക്കാദമിക് മാസ്റ്റർ പ്ലാൻ

# അറബിക്

اللغة العربية



# അക്കാദമിക് മാസ്റ്റർ പ്ലാൻ - അറബി (اللغة العربية)

**ആമുഖം**

അന്തർദേശീയ രംഗത്ത് ഇംഗ്ലീഷിനൊപ്പം നിൽക്കുന്നതും ലോകഭാഷകളിൽ മൂന്നാംസ്ഥാനം അലങ്കരിക്കുന്നതുമായ ഭാഷയാണ് അറബി.നമ്മുടെ മാതൃ രാജ്യത്തിന് ഒട്ടനവധി സംഭാവനകൾ നൽകിയിട്ടുള്ള വൈദേശിക ഭാഷകളിൽ ശ്രദ്ധേയമായ ഭാഷ. അറബിഭാഷയിലെ ചില പ്രയോഗങ്ങളും വാക്കുകളും നമ്മുടെ നിത്യജീവിതത്തിൽ ഇടം നേടിയിട്ടുള്ളതിൽ നിന്ന് തന്നെ ഇക്കാര്യം വ്യക്തം.

പ്രാചീന സെമിറ്റിക് ഭാഷാകുടുംബത്തിൽ ഇന്നും സജീവമായി നിലനിൽക്കുന്ന ഏക ഭാഷ അറബിയാണ്. സമ്പന്നമായ കലാസാഹിത്യ പാരമ്പര്യങ്ങളാലും ഈ ഭാഷ അനുഗ്രഹീതമാണ്.മുസ്ത്വഫാ ലുത്ഫീ മൻഫലൂത്വി (1876-1924)യുടെ കഥകളും, അഹ്മദ് ശൗഖി (1869-1932) യുടെ കവിതകളും മുഹമ്മദ് ഹുസൈൻ ഹൈക്കലി (1888-1956)ന്റെ നോവലുകളും തൗഫീഖുൽ ഹക്കീമി(1898-1987) ന്റെ നാടകങ്ങളും അറബി ഭാഷയെ വിശ്വസാഹിത്യത്തിന്റെ ചക്രവാളത്തിലേക്കുയർത്തിയ രചനകളിൽ ചിലതുമാത്രം. നോബൽ പുരസ്കാരജേതാവാണ് അറബി സാഹിത്യകാരനായ ഡോ.നജീബ് മഹ്ഫൂസ്. കുമാരനാശാന്റെ 'വീണപൂവ്' ശ്രീനാരായണഗുരുവിന്റെ 'ദൈവദശകം' തകഴിയുടെ 'ചെമ്മീൻ'ബെന്യാമീന്റെ 'ആടുജീവിതം' തുടങ്ങിയവ അറബിഭാഷയിലും നമുക്കിന്ന് ലഭ്യമാണ്.

നമ്മുടെ വിദ്യാലയങ്ങളിൽ, മറ്റു വിഷയങ്ങൾക്കൊപ്പം ഇഴചേർന്നു അറബി ഭാഷാ അധ്യയനവും മുന്നോട്ടു പോകുന്നുവെന്നത് വളരെ അഭിമാനകരവും അഭിനന്ദനീയവുമായ വസ്തുതയത്രെ. പൊതു വിദ്യാഭ്യാസ സംരക്ഷണത്തിന്റെയും വിദ്യാർഥി ശാക്തീകരണത്തിന്റെയും പ്രഥമപടിയായ അക്കാദമിക് മാസ്റ്റർ പ്ലാൻ നിർമാണത്തിൽ ഏറെ പ്രധാനപ്പെട്ട ഒരിനമാണ് ഭാഷാപഠനം. ഭാഷാ അധ്യയന മേഖലയിൽ അക്കാദമിക് മാസ്റ്റർ പ്ലാൻ രൂപപ്പെടുത്തുമ്പോൾ ഏറ്റവും പ്രധാനപ്പെട്ട സംഗതിയാണ് ഭാഷ സ്വായത്തമാക്കുവാനുള്ള വ്യത്യ സ്ത വഴികൾ ഉണ്ടാക്കുക എന്നത്. ഭാഷാ പഠനത്തിൽ നേരിടുന്ന പ്രശ്നങ്ങൾ കണ്ടെത്തുകയും അതിന് പ്രതിവിധി ആരായുകയും ചെയ്യുക എന്നതും ഇതോടൊപ്പം ഉണ്ടാവേണ്ട താണ്. അറബി ഭാഷാ പഠനത്തിൽ പഠിതാക്കൾക്ക് കൂടുതൽ പ്രയാസം സൃഷ്ടിക്കുന്നത് അക്ഷരങ്ങളുടെ രൂപവിന്യാസത്തിൽ ഉണ്ടാവുന്ന മാറ്റങ്ങളാണ്. അക്ഷരങ്ങൾ ഒരു വാക്കിന്റെ ആദ്യത്തിലും നടുവിലും അവസാനത്തിലും വരുമ്പോൾ വ്യത്യസ്ത രൂപങ്ങളിലാണ് എഴുതപ്പെടുന്നത്. അറബി ഭാഷാ പഠനത്തിൽ ഉളവാകുന്ന ചില പ്രശ്നങ്ങൾക്ക് പ്രാമുഖ്യം നൽകിക്കൊണ്ട് കണ്ടെത്തിയ പ്രയാസങ്ങളും പ്രതിവിധികളും മുന്നിൽ വെച്ച് തയ്യാറാക്കിയതാണ് ഇവിടെ ചേർക്കുന്ന അക്കാദമിക് മാസ്റ്റർ പ്ലാൻ

**അറബിക് പഠന വിഭാഗം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ഭൗതികം |
|---|---|---|---|
| അറബി ഭാഷാ പഠന നേട്ടങ്ങൾ എല്ലാ കുട്ടികളും നേടുക. ഭാഷയിലെ ഒരേപോലെയുള്ള അക്ഷരങ്ങൾ ഉച്ചരിക്കുമ്പോഴും എഴുതുമ്പോഴും വ്യത്യാസം മനസ്സിലാക്കി കുട്ടിക്ക് ഉപയോഗിക്കാൻ സാധിക്കുക. രൂപപ്പെടുത്തുകയും ചെയ്യുക. | **കൈത്താങ്ങ്**<br><br>ടെസ്റ്റ് നടത്തി ഭാഷപഠനത്തിൽ പിന്നാക്കം നിൽക്കുന്ന വിദ്യാർഥികളെ കണ്ടെത്തുന്നു അക്ഷരങ്ങൾ തിരിച്ചറിയാൻ പ്രയാസം അനുഭവിക്കുന്നവർക്കുവേണ്ടി പ്രത്യേകം തയ്യാറാക്കിയ കാർഡുകൾ നൽകുന്നു. സ്കൂളിലെ സ്മാർട്ട് റൂമുകൾ ഉപയോഗിച്ച് ഗെയിമുകൾ, ഫ്ലാഷ് കാർഡുകൾ, നിറം നൽകാൻ പോലുള്ള പ്രവർത്തനങ്ങൾ ചെയ്യിപ്പിക്കുന്നു. ഭാഷയിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തുകയും അവർക്ക് ആവശ്യമായ പരിഗണന നൽകുകയും എഴുത്തും വായനയും പരിപോഷിപ്പിക്കുകയും ചെയ്യൽ. | മൂന്ന് മാസം | പുസ്തകങ്ങൾ,<br><br>കാർഡുകൾ |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ഭൗതികം |
|---|---|---|---|
| അറബി ഭാഷാശേഷി വർദ്ധിപ്പിക്കുക, പദസമ്പത്ത് അധികരിപ്പിക്കുക | **<u>പുതിയ പദം പരിചയപ്പെടൽ</u>**<br>ആഴ്ചയിലൊരിക്കൽ പാഠപുസ്തകത്തിലുള്ള വാക്കുകൾക്കും പദങ്ങൾക്കും പുറമേ അഞ്ച് വാക്കുകൾ കഥാ കവിതാ പുസ്തകങ്ങളിൽ നിന്നോ പ്രൊജക്ടർ സ്ക്രീനിൽ കഥ, കവിത എന്നിവ കാണിച്ചോ ശേഖരിക്കുവാൻ സാഹചര്യമൊരുക്കുന്നു. ലഘു സംഭാഷണങ്ങൾ , പാഠ ഭാഗങ്ങൾ ചിത്രീകരണ രൂപത്തിലുള്ള അവതരണം, കൂടുതൽ പ്രവർത്തനങ്ങളിൽ പങ്കാളികളായവർക്ക് സമ്മാനം നൽകുന്നു.<br>സാധാരണ ദൈനംദിന കാര്യങ്ങളിൽ ഉപയോഗിക്കുന്ന വാക്കുകൾ പരിശീലിപ്പിക്കുകയും കൂടുതൽ ചെയ്യുന്ന വിദ്യാർത്ഥികൾക്ക് സമ്മാനം | ജൂൺ മുതൽ മാർച്ചുവരെ | പുസ്തകങ്ങൾ, കാർഡുകൾ, സി ഡി കൾ |
| കുട്ടികളുടെ സർഗാത്മകശേഷി വർദ്ധിപ്പിക്കുക. | ചിത്രങ്ങൾ, ലഘു കവിതകൾ, കഥകൾ, സംഭാഷണം, പദപ്രശ്നം , കുറിപ്പുകൾ, വിവരണം എന്നിവ ഉൾകൊള്ളുന്ന കയ്യെഴുത്ത് മാഗസിനുകൾ ഓരോ കുട്ടിയും തയ്യാറാക്കുന്നു. | ജൂൺ മുതൽ മാർച്ചുവരെ | പുസ്തകങ്ങൾ, ചാർട്ടുകൾ |
| ഓരോ മാസവും കുട്ടികൾ വായനാതൽപരരാവുകയും ഭാഷ ശേഷി വർദ്ധിപ്പിക്കുകയും ചെയ്യുക | മാസത്തിലൊരിക്കൽ ക്ലാസ് തലത്തിൽ വായനാമത്സരം, കയ്യെഴുത്ത് മത്സരം എന്നിവ നടത്തി സമ്മാനം നൽകുന്നു. പ്രൊജക്ടർ ഉപയോഗിച്ച് മാസത്തിലെ അവസാന പിരിയഡിൽ പാഠപുസ്തകവുമായി ബന്ധപ്പെട്ട വിവരങ്ങൾ, പൊതുവിവരങ്ങൾ എന്നിവ ഉൾപ്പെടുത്തി ക്വിസ് മത്സരം നടത്തുന്നു | ജൂൺ മുതൽ മാർച്ചുവരെ | ചാർട്ടുകൾ ,പുസ്തകങ്ങൾ |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ഭൗതികം |
|---|---|---|---|
| അറബി ഭാഷാ ആ ശയങ്ങളും പദങ്ങളുടെ അർത്ഥളും കുട്ടിക ളിലേക്ക് എത്തുക | **<u>യൂണിറ്റ് തല നിഘണ്ടു നിർമാണം</u>**<br>ഒരോ യൂണിറ്റ് തലത്തിൽ വാക്കുകൾ അർത്ഥ സഹിതം എഴുതുകയും അവസാനം പ്രിന്റ് / പിഡി എഫ് ചെയ്ത് കുട്ടികൾക്ക് നൽകുന്നു | 6 മാസം | |
| കുട്ടികൾക്ക് കലാപരിപ ടികൾ അ വതരിപ്പിക്കു ന്നതിനും അവരുടെ ശേഷികൾ കണ്ടെത്തു ന്നതിനുമാ യി | **<u>സ്കൂൾ റേഡിയോ</u>**<br>കഥ, പ്രസംഗം , ഗാനം , വാർത്തകൾ അവതരിപ്പിക്കുന്നു | ഒരു വർഷം | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ഭൗതികം |
|---|---|---|---|
| അ റബി ഭാഷ യിൽ വിദ്യാർ ത്ഥിക ൾക്ക് ഡിജി റ്റൽ മേഖല യിൽ കൂടു തൽ കഴിവ് വളർ ത്തുന്ന തിന് വേണ്ടി | ***അറബി ടൈപിംഗ്*** അറബി ടൈപിംഗ് പരിശീലനം നൽകുന്നു. അക്ഷരങ്ങൾ , ഹർക്കത്തു കൾ എന്നിവ ടൈപ്പ് ചെയ്യുന്നത് കുട്ടികൾക്ക് പഠിപ്പിക്കുന്നു | 6 മാസം | ലാപ്പ് , കമ്പ്യൂ ട്ടർ , ക മ്പ്യൂട്ടർ ലാബ് സൗക ര്യങ്ങ ൾ ഉ പയോ ഗപ്പെ ടുത്തു ന്നു |

| | ലക്ഷ്യം | പ്രവർത്തനം | സമയം | ഭൗതികം | പിന്തുണ/ സാമ്പത്തികം |
|---|---|---|---|---|---|
| | ലോകഭാഷകളിൽ മൂന്നാം സ്ഥാനത്ത് നിൽക്കുന്ന അറബി ഭാഷ പഠിക്കാനും ഒഴുക്കോടെ സംസാരിക്കാനുമുള്ള കഴിവ് കുട്ടികളിൽ വികസിപ്പിക്കുക. | 1. മികവിന്റെ വഴിയിൽ<br>▸ പ്രൈമറി ക്ലാസ് മുതൽ ഭാഷ ശേഷികളുടെ വളർച്ച ഉറപ്പു വരുത്തുക<br>▸ മുന്നറിവ് പരിശോധിക്കൽ<br>▸ അക്ഷരങ്ങൾ ഉറപ്പിക്കൽ<br>▸ വാചകങ്ങൾ നിർമ്മിക്കൽ<br>▸ ഭാഷാ കളികൾ | 9months | പുസ്തകങ്ങൾ, വർക്ക്ഷീറ്റുകൾ, സിഡികൾ | BRC<br>LSG<br>SMC<br>PTA |
| | കരിക്കുലം ലക്ഷ്യം വെക്കുന്ന അറബിഭാഷ പഠനനേട്ടങ്ങൾ മുഴുവൻ കുട്ടികളിലും ഉറപ്പു വരുത്തുക. | 2.വായനാവസന്തം<br>▸ വായന മത്സരം<br>▸ ക്ലാസ് ലൈബ്രറി<br>▸ സ്കൂൾ ലൈബ്രറി<br>▸ വാട്സാപ്പ് ഗ്രൂപ്പ് (ഇ വായന)<br>▸ വായന കുറിപ്പുകൾ<br>▸ അറബിക് പത്രവായന /റേഡിയോ | 9months | പത്രങ്ങൾ, മാഗസിനുകൾ, പുസ്തകങ്ങൾ, സ്കൂൾലൈബ്രറി. | BRC<br>LSG<br>SMC<br>PTA<br>OSF |
| | വായനയിലൂടെയും എഴുത്തിലൂടെയും ഭാഷാ ശേഷി വർദ്ധിപ്പിക്കുന്നതിനുള്ള സാഹചര്യം ക്ലാസ് റൂമുകളിൽ ഒരുക്കുക. | 3.എഴുത്തുത്സവം<br>▸ എഴുത്തുകൂട്ടം<br>▸ പതിപ്പുകളുടെ നിർമാണം<br>▸ വായന കുറിപ്പ് ശേഖരണം<br>▸ ഇൻലന്റ് മാഗസിൻ<br>▸ ചുമർ പത്രങ്ങൾ, പോസ്റ്ററുകൾ<br>▸ ഭാഷാ കളികൾ | 9months | അസംബ്ലി, ചാർട്ടുകൾ, പത്രങ്ങൾ | PTA<br>BRC<br>DIET |
| | വിദ്യാഭ്യാസം വിഭാവനം ചെയ്യുന്ന മൂല്യങ്ങളും മനോഭാവങ്ങളും ഭാഷ പഠന നേട്ടത്തിലൂടെ ഉറപ്പു വരുത്തുക.<br><br>ഭാഷ പഠനത്തിൽ ഐ ടി യുടെ സാധ്യത പ്രയോജനപ്പെടുത്താനും വികസിപ്പിക്കാനുമുള്ള കഴിവ് കുട്ടികളിൽ സൃഷ്ടിക്കുക. | 4. അറബിക് കമ്മ്യൂണിക്കേഷൻ.<br>▸ ആശയ വിനിമയ വേദി ക്ലാസ്തലം, സ്കൂൾതലം<br>▸ മൊബൈൽ ലിസണിങ്,സ്പീക്കിങ്<br>▸ യാത്രകൾ<br>▸ അറബിക് മേള ( നാടകം ,മോണോ ആക്ട്, പ്രസംഗം, സംഭാഷണം)<br>▸ ഭാഷ കളികൾ അറബിക് അസംബ്ലി<br>▸ ഭാഷാ പ്രദർശനം<br>▸ ഭാഷാ ക്യാമ്പ് | 9months | ഐ ടി സി, പുസ്തകങ്ങൾ, സിഡികൾ | BRC<br>LSG<br>SMC<br>PTA |
| | സർഗ്ഗകഴിവുകൾ ഭാഷ പഠനത്തിലൂടെ വികസിപ്പിക്കുക | 5. ലാംഗ്വേജ് ലാബ്<br>▸ സ്മാർട്ട് ക്ലാസ്റൂം ,<br>▸ അറബി ഭാഷ സാഹിത്യ ശേഖരങ്ങൾ<br>▸ ചിത്രീകരണങ്ങൾ<br>▸ സിനിമ<br>▸ ആനിമേഷൻ<br>▸ സോഷ്യൽ മീഡിയ ആക്ടിവിറ്റീസ് | 9months | | BRC<br>LSG<br>SMC<br>OSF |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ഭൗതികം |
|---|---|---|---|
| വ്യത്യസ്ത ദിനങ്ങളെക്കുറിച്ചുള്ള ബോധവൽക്കരണം | ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് പ്ലക്കാർഡുകൾ ഉണ്ടാക്കുകയും ക്വിസ് മത്സരം സംഘടിപ്പിക്കുകയും ചെയ്യുക. പ്രതിഭകളെ കണ്ടെത്തുവാനായി മാസത്തിലൊരിക്കൽ അറബിക് ബാലസഭ നടത്തുന്നു. | ജൂൺ മുതൽ മാർച്ചുവരെ | അസംബ്ലി, ചാർട്ടുകൾ |
| ഭാഷാ പഠനത്തിൽ ഐ ടി യുടെ സാധ്യത പ്രയോജനപ്പെടുത്താനും വികസിപ്പിക്കാനുമുള്ള കഴിവ് കുട്ടികളിൽ സൃഷ്ടിക്കുക | ലാംഗ്വേജ് ലാബ്, സ്മാർട്ട് ക്ലാസ്സ് റൂം, ഭാഷയുമായി ബന്ധപ്പെട്ട സാഹിത്യ കവിതാ ശേഖരങ്ങൾ, ചിത്രീകരണങ്ങൾ, ആനിമേഷൻ മുതലായവ യുടെ നിർമ്മാണവും ഉപയോഗവും | ജൂൺ മുതൽ | സ്കൂൾ ഇൻറർനെറ്റ് സൌകര്യം, വെബ്സൈറ്റുകൾ |

# ഉർദു

# ഉർദു അക്കാദമിക് മാസ്റ്റർ പ്ലാൻ 2025-26
UP തലം

School -: SVAUP School Kulikkiliyad.

Name of the teacher (Urdu) : Abdul Nazar. P.

## ആമുഖം

എസ് വി എ യു പി സ്കൂളിൽ 2025-26 വർഷത്തിൽ ഉർദു ഭാഷാപഠനവുമായി ബന്ധപ്പെട്ട് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന അക്കാദമിക - ഭൗതിക - സാമൂഹ്യ പ്രവർത്തനങ്ങളും നിർദേശങ്ങളും താഴെ ചേർക്കുന്നു.

## പൊതു ലക്ഷ്യങ്ങൾ

1 ഉർദു ഭാഷാ പഠനം അനായാസവും രസകരവുമായി ആസ്വാദന പഠനം കുട്ടികൾക്ക് സാധ്യമാക്കുക.

2 ഉർദു ഭാഷ, സാഹിത്യം, എന്നിവയുമായി ബന്ധപ്പെട്ട പൊതു വിജ്ഞാനം നേടുന്നതിനുള്ള സന്ദർഭം സൃഷ്ടിക്കുക.

3 ഉർദു ഭാഷ പഠനവുമായി ബന്ധപ്പെട്ട് കരിക്കുലം വിഭാവനം ചെയ്യുന്ന പഠന നേട്ടങ്ങൾ എല്ലാ കുട്ടികളും ആർജിക്കുക.

4 ഉർദു പഠിക്കുന്ന എല്ലാ കുട്ടികളും എട്ടാം ക്ലാസ് കഴിയുമ്പോ, സ്വന്തം ഭാഷ എഴുതാനും വായിക്കാനും അനായാസം സാഹിത്യ രചനകൾ നടത്താനുള്ള ശേഷി ഉറപ്പാക്കുക.

5 മുഴുവൻ കുട്ടികൾക്കും വിവിധ ജീവിത സന്ദർഭങ്ങളുമായി ബന്ധപ്പെട്ട് ഉർദു ഭാഷ സംസാരിക്കാൻ കഴിയും എന്ന് ഉറപ്പാക്കുക.

6 ഉർദു ഭാഷാ പഠനത്തിലൂടെ ജനാധിപത്യ മതേതര മൂല്യങ്ങൾ ഉയർത്തിപ്പിടിക്കുന്ന കുട്ടികളെ വാർത്തെടുക്കുക.

7 വിവിധ കലാപരമായ കഴിവുകൾ അവതരിപ്പിക്കാനും ആസ്വദിക്കാനുമുള്ള കഴിവ് നേടുക.

8 എല്ലാ കുട്ടികൾക്കും ഭംഗിയുള്ള കൈയ്യെഴുത്ത് സ്വായത്തമാക്കാനുള്ള പരിശീലനം നൽകുക.

9 ഉർദു ഭാഷയെ കുറിച്ച് സാമാന്യ അവബോധം പുലർത്തുക.

10. കുട്ടികളുടെ സർഗ്ഗാത്മക ശേഷി വളർത്തുക.

11 വിവിധ ദിനാചരണങ്ങളിലൂടെ ഭാഷാ പരമായ ശേഷി വളർത്തുക

| നമ്പർ | പ്രവർത്തനം | പ്രവർത്തന ലക്ഷ്യം | കാലയളവ് | ചുമതല | ഫണ്ട് | വിലയിരുത്തൽ |
|---|---|---|---|---|---|---|
| 1 | [illegible] ഉർദു വായന | വായന മത്സരങ്ങൾ, ക്വിസ് മത്സരങ്ങൾ ബോധവൽകരണങ്ങൾ വായന കാർഡുകൾ തയ്യാറാക്കൽ. | വിവിധ ദിനാചരണങ്ങളിൽ | ഉർദു സബ്ജക്ട് കൗൺസിൽ | 1500 | HM സബ്ജക്ട് കൗൺസിൽ |
| 2 | قلمی پرچہ ഉർദു കയ്യെഴുത്ത് മാഗസിൻ | രചനാ ശേഷി വളർത്തൽ. ഉർദുവിൽ മികച്ച രചനകൾ ഉണ്ടാക്കുക സർഗ്ഗാത്മകത വളർത്തുന്നതിന് കയ്യെഴുത്ത് മാസിക ചുമർ പത്രിക. നിർമ്മാണം വായനാ കാർഡ് നിർമ്മാണം | ടേം ൽ 1 ഒന്ന് വീതം | ഉർദു സബ്ജക്ട് കൗൺസിൽ | 1000 | HM സബ്ജക്ട് കൗൺസിൽ |
| 3 | خوش خطی വൊളുവി ജ്ഞാന | വെടിപ്പായും ഉർദുവിലുള്ളതായ വെടിപ്പിനെ കുട്ടികളിലെത്തിക്കുന്നതിന് വേണ്ടി ക്ലാസ് മത്സരങ്ങൾ സംഘടിപ്പിക്കും. | ടേം ൽ ഒന്ന് വീതം | ഉർദു ക്ലബ്ബ് | 200 | HM സബ്ജക്ട് കൗൺസിൽ |
| 4 | مشاعرہ കവിയരങ്ങ് | ഉർദു ഭാഷയിലെയും ഹിന്ദുസ്ഥാനി സംഗീതത്തിലെയും ആസ്വാദനത്തിനും സർഗ്ഗവാസനകളെ ഉണർത്തുന്നതിനും പ്രസംഗ സായാഹ്നവും സംഘടിപ്പിക്കും | വർഷത്തിൽ ഒന്ന് | ഉർദു ക്ലബ്ബ് | 7000 | HM സബ്ജക്ട് കൗൺസിൽ |
| 5 | ബൈത്ത് ബാസി | കുട്ടികളിലെ കവിതാ അഭിരുചിയും ഭാഷാ ശേഷിയും വർദ്ധിപ്പിക്കുന്നതിനും വിവിധ വിഷയ ബൈത്ത് ബാസി തയ്യാറാക്കൽ. | വർഷത്തിൽ ഒന്ന് | ഉർദു ക്ലബ്ബ് | 6000 | HM സബ്ജക്ട് കൗൺസിൽ- |
| 6 | ഉർദുദിനം ആഘോഷം | ടാലന്റ് ടെസ്റ്റ് അക്ഷര മത്സരങ്ങൾ പതിപ്പ് | അതാത് ദിനങ്ങളിൽ | ഉർദു ക്ലബ്ബ് | 2000 | HM സബ്ജക്ട് കൗൺസിൽ |
| 7 | تلاش | പ്രാദേശിക പഠന യാത്രകൾ | | | | HM. |

Abdul Nazar

# SANSKRIT

# വിദ്യാലയ വികസന പദ്ധതി 2025-2026.

സംസ്കൃത സമാജം - പ്രത്യേക പ്രവർത്തനം

എസ്. വി. എ. യു. പി സ്കൂൾ കുലിക്കിലിയാട്

മേഖല : അക്കാദമികം

കാലയളവ്: ജൂൺ മാസം മുതൽ മാർച്ച് മാസം

ലക്ഷ്യം : പിന്നോക്കം നിൽക്കുന്ന കുട്ടികളിൽ സംസ്കൃത ഭാഷാപഠനം സുഗമമാക്കുക

പ്രവർത്തനക്രമം.

പിന്നോക്കം നിൽക്കുന്ന കുട്ടികളെ ഭാഷാപഠന ക്ലാസുകളിൽ ഒരുമിച്ചിരുത്തി ആദ്യം മലയാള ഭാഷയിലുപയോഗിക്കുന്ന സംസ്കൃത ഭാഷാ പദങ്ങൾ പരിചയപ്പെടുത്തുന്നു.

ഉദാഹരണം; അദ്ധ്യാപകൻ, പുസ്തകം, പുഷ്പം തൂലിക എന്നിങ്ങനെ കുട്ടികൾക്ക് സുപരിചിതമായ മലയാള ഭാഷയിലുപയോഗിക്കുന്ന സംസ്കൃത ഭാഷാ പദങ്ങൾ വ്യക്തമാക്കിക്കൊടുക്കുന്നു. കുട്ടികൾ ഇത്തരം പദങ്ങൾ പരിചയപ്പെട്ട് സുപരിചിതമാക്കിക്കഴിഞ്ഞാൽ, മറ്റുപദങ്ങളും ഉച്ചാരണശുദ്ധിയോടെ, ചിത്രങ്ങളുടെ സഹായത്തോടെ പരിചയപ്പെടുത്തുന്നു.

മറ്റു ഭാഷകൾ പഠിക്കുന്നതു പോലെ ഈ ഭാഷയും സുഗമമായി പഠിച്ചെടുക്കാം എന്ന് കുട്ടിയെ ബോധ്യപ്പെടുത്തുന്നു. അതിനു വേണ്ടി ഒപ്പം നിന്ന് സഹായിച്ച് അവനിൽ ആത്മവിശ്വാസം വർദ്ധിപ്പിക്കുന്ന-തിനാൽ, സഹായകമായ എല്ലാ മാർഗ്ഗങ്ങളും മേൽ പറഞ്ഞതിനാൽ പോലെ ആവർത്ത-ച്ച് ചെയ്യുന്നു.

ഗുണഭോക്താക്കൾ:- വിദ്യാർത്ഥികൾ

ചുമതല :- സംസ്കൃത അദ്ധ്യാപകൻ

സാമ്പത്തിക വിശകലനം:- പ്രത്യേക സാമ്പത്തിക-വശ്യം ഇല്ല.

# ഹിന്ദി

| ക്രമ. നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|---|
| 1 | പ്രകൃതി സ്നേഹം കുട്ടികളിൽ വളർത്തൽ<br>മരം, ചെടി എന്നിവയുടെ പേര്<br>പഠിക്കുന്നതിനുള്ള അവസരം ഒരുക്കുന്നു.<br>സന്ദേശ വാക്യങ്ങൾ എഴുതാനുള്ള ശേഷി ഉണ്ടാക്കൽ | * ജൂൺ 5 പരിസ്ഥിതി ദിന പോസ്റ്റർ (ക്ലാസ് തലം)<br>* ഹിന്ദി ക്ലബ് രൂപീകരണം | ജൂൺ | ഹിന്ദി ക്ലബ്ബ്,<br>ഹിന്ദി അധ്യാപകർ |
| 2 | ഹിന്ദി എഴുത്തുകാരെയും അവരുടെ രചനകളെയും,ഹിന്ദി ഭാഷയിലെ സംഭാവനകളെകുറിച്ചും കുട്ടികൾ തിരിച്ചറിവുണ്ടാക്കൽ.<br>നേതൃത്വപാടവം ഉണ്ടാക്കിയെടുക്കൽ,<br>സഭാകമ്പം ഒഴിവാക്കൽ | * ജൂലൈ 31 പ്രേംചന്ദ് ദിനം<br>ക്വിസ്(ഹിന്ദി)<br>*പോസ്റ്റർ<br>*ഹിന്ദി അസംബ്ലി | ജൂലായ് | ഹിന്ദി ക്ലബ്ബ്,<br>ഹിന്ദി അധ്യാപകർ |
| 3 | ദേശസ്നേഹം വളർത്തൽ, ഹിന്ദി ഭാഷ കൈകാര്യം ചെയ്യുന്നതിനുള്ള ശേഷി വർദ്ധിപ്പിക്കൽ | *സ്വാതന്ത്ര്യ ദിന പോസ്റ്റർ ( ക്ലാസ് തലം)<br>ഹിന്ദി പ്രസംഗം (സ്കൂൾ തലം) | ആഗസ്റ്റ് | ഹിന്ദി ക്ലബ്ബ്,<br>ഹിന്ദി അധ്യാപകർ |
| 4 | ഹിന്ദി ഭാഷ, സാഹിത്യം എന്നിവയിൽ കുട്ടിക്ക് ആഴത്തിലുള്ള അറിവ് ഉണ്ടാക്കിയെടുക്കൽ<br><br>മീഠി ഹിന്ദി | സെപ്തംബർ 14 ഹിന്ദി ദിനം<br>*ക്വിസ്(ഹിന്ദി)<br>*സ്കൂൾതല പോസ്റ്റർ നിർമ്മാണം<br>*പ്രസംഗം (ഹിന്ദി)<br>*പിന്നോക്കം നിൽക്കുന്ന കുട്ടികൾക്കുള്ള പരിഹാരബോധനം.പ്രത്യേക ഒഴിവു സമയം കണ്ടെത്തി പ്രത്യേക മൊഡ്യൂൾ പ്രകാരം കുട്ടികളെ ഹിന്ദി ഭാഷയോടുള്ള താല്പര്യം കൂട്ടുന്നതിനും രസകരമായ പഠന പ്രവർത്തനത്തിലൂടെ മുൻപന്തിയിൽ എത്തിക്കൽ.<br>ഒന്നാം ടേം മൂല്ല്യ നിർണ്ണയശേഷം പിന്നോക്കം നില്ക്കുന്ന (ഹിന്ദിയിൽ ) കുട്ടികൾക്ക് പരിഹാര ബോധനം | സെപ്തംബർ | ഹിന്ദി ക്ലബ്ബ്,<br>ഹിന്ദി അധ്യാപകർ |
| 5 | ഗാന്ധിജിയെ അറിയുക,ലഘു വിവരണങ്ങൾ തയ്യാറാക്കുന്നതിനുള്ള ശേഷി ഉണ്ടാക്കൽ | ഗാന്ധിജയന്തി പോസ്റ്റർ ഗാന്ധിയെ അറിയൽ വിവരണം തയ്യാറാക്കൽ | ഒക്ടോബർ | ഹിന്ദി ക്ലബ്ബ്,<br>ഹിന്ദി അധ്യാപകർ |

| | | | | |
|---|---|---|---|---|
| 6 | ലഘു വിവരണങ്ങൾ തയ്യാറാക്കുന്നതിനുള്ള ശേഷി ഉണ്ടാക്കൽ.<br>നേതൃത്വപാടവം ഉണ്ടാക്കിയെടുക്കൽ,<br>സഭാകമ്പം ഒഴിവാക്കൽ | *കേരളത്തെക്കുറിച്ചും ആചാര ആഘോഷങ്ങളെക്കുറിച്ചും ഹിന്ദി വിവരണം തയ്യാറാക്കൽ<br>*ക്ലാസ് തല ഹിന്ദി അസംബ്ലി<br>*സുഗമ ഹിന്ദി പരീക്ഷ പരിശീലനം | നവംബർ | ഹിന്ദി ക്ലബ്ബ്,<br>ഹിന്ദി അധ്യാപകർ |
| 7 | വീട് ഒരു പരീക്ഷണശാല<br>(കാണുന്നതും കേൾക്കുന്നതും ഉപയാഗിക്കുന്നതുമായ വസ്തുക്കളുടെ പേര് ഹിന്ദിയിൽ പഠിക്കുക .)<br>* വീട്ടിൽ ഉപയാഗിക്കുന്ന ഗൃഹാപകരണങ്ങൾ ഉൾപ്പെടെയുള്ള വസ്തുക്കളുടെ പട്ടിക ഹിന്ദിയിൽ തയ്യാറാക്കുക.<br>* ICT സഹായത്തിലൂടെ വസ്തുക്കളും വാക്കുകളും<br>പരിശീലിക്കാനുള്ള | വീട്ടിൽ ഉപയോഗിക്കുന്ന ഗൃഹോപകരണങ്ങൾ ഉൾ പ്പെടെയുള്ള വസ്തുക്കളുടെ പട്ടിക ഹിന്ദിയിൽ തയ്യാറാക്കുക (5,6,7 ക്ലാസ്) | ഡിസംബർ | ഹിന്ദി ക്ലബ്ബ്,<br>ഹിന്ദി അധ്യാപകർ |
| 8 | കുട്ടിയിൽ ഹിന്ദി ഭാഷയോടുള്ള താല്പര്യം ഉണ്ടാക്കൽ.<br>അധിക വായന ഉണ്ടാക്കിയെടുക്കൽ,<br>വായനശേഷി വർദ്ധിപ്പിക്കൽ.<br>ഹിന്ദി ഭാഷ കൈകാര്യം ചെയ്യുന്നതിനുള്ള ശേഷി വർദ്ധിപ്പിക്കൽ | ജനുവരി-10 ദേശീയ ഹിന്ദി ദിനം<br>*വായനാ മത്സരം<br>* ഹിന്ദി അസംബ്ലി,<br>*പോസ്റ്റർ (ക്ലാസ് തലം)<br>*പ്രസംഗം( സ്കൂൾ തലം) | ജനുവരി | ഹിന്ദി ക്ലബ്ബ്,<br>ഹിന്ദി അധ്യാപകർ |
| 9 | കുട്ടിയിൽ ഹിന്ദി ഭാഷയോടുള്ള താല്പര്യം ഉണ്ടാക്കൽ, ഉള്ളിലുള്ള ശേഷി കണ്ടെത്തി പ്രോത്സാഹനം നൽകൽ. | *സുഗമ പരീക്ഷ പരിശീലനം 5,6,7 പ്രത്യേക ക്ലാസ്,<br>*പരീക്ഷ | ഫെബ്രുവരി | ഹിന്ദി ക്ലബ്ബ്,<br>ഹിന്ദി അധ്യാപകർ |
| 10 | കുട്ടിക്ക് പരീക്ഷയിൽ ആത്മവിശ്വാസം ഉണ്ടാക്കുക,പരീക്ഷാഭയം ഇല്ലാതാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ | *പരീക്ഷ മോഡൽ ക്വസ്റ്റൻ പേപ്പർ പരിചയപ്പെടുത്തൽ,<br>*പരിശീലനം | മാർച്ച് | ഹിന്ദി ക്ലബ്ബ്,<br>ഹിന്ദി അധ്യാപകർ |

# ENGLISH

പ്രവർത്തനം 1

പ്രവർത്തനത്തിന്റെ പേര്:

ഇംഗ്ലീഷ് അസംബ്ലി

ഉപമേഖല:ഇംഗ്ലീഷ് ഭാഷാ പഠനം

ലക്ഷ്യം:

എല്ലാകുട്ടികൾക്കും ഇംഗ്ലീഷ് ഫലപ്രദമായി വായിക്കാനും എഴുതാനും സംസാരിക്കാനുമുള്ള ശേഷി വികസിപ്പിക്കുക

പ്രവർത്തനങ്ങൾ:

ആഴ്ചയിൽ ഒരു ദിവസം കുട്ടികൾ തന്നെ അസംബ്ലിയുടെ മുഴുവൻ പരിപാടികളും ഇംഗ്ലീഷിൽ അവതരിപ്പിക്കുക.കുട്ടികളുടെ പരിപാടികൾ ഓരോ ക്ലാസ്സുകൾക്കും ഇടവിട്ട് ചുമതല നൽകൽ

കാലം:

ആഴ്ചയിൽ ഒരു ദിവസം

പ്രവർത്തനം 2

പ്രവർത്തനത്തിന്റെ പേര്:ഇംഗ്ലീഷ് മാസിക

ഉപമേഖല:

സർഗ്ഗാത്മക രചന

ലക്ഷ്യം:

ഇംഗ്ലീഷിൽ സർഗാത്മക രചന നടത്തുന്നതിന് ശേഷി കൈവരിക്കൽ

പ്രവർത്തനങ്ങൾ:

പാഠപുസ്തക വ്യവഹാര രൂപങ്ങൾക്ക്പുറമെ നടത്തുന്ന എല്ലാ രചനകളും ഉൾപ്പെടുത്തി മാസിക നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിലൂടെ പ്രവർത്തിച്ച് മാസിക തയ്യാറാക്കി പ്രകാശനം നടത്തൽ

കാലം:

വർഷത്തിൽ 1 തവണ

പ്രവർത്തനം 3

പ്രവർത്തനത്തിന്റെ പേര്:

ഇംഗ്ലീഷ് സാഹിത്യ സമാജം

ഉപമേഖല:

സർഗാത്മക പ്രകടനം

ലക്ഷ്യം:

ഇംഗ്ലീഷിൽ സർഗാത്മക രചന നടത്തുന്നതിനുള്ള ശേഷി കൈവരിക്കൽ

പ്രവർത്തനങ്ങൾ:

പാഠഭാഗവുമായി ബന്ധപ്പെട്ട് തയ്യാറാക്കിയ വ്യത്യസ്ഥ വ്യവഹാര രൂപങ്ങളുടെ അവതരണം

കാലം:

പ്രതിമാസ പരിപാടി

പ്രവർത്തനം:4

പ്രവർത്തനത്തിന്റെ പേര്:

ഇംഗ്ലീഷ് ഫെസ്റ്റ്

ഉപമേഖല:

ഇംഗ്ലീഷ് പഠനം

ലക്ഷ്യം:

വ്യാകരണശുദ്ധിയോടെ ഇംഗ്ലീഷ് പറയാനും എഴുതാനും കഴിയുന്ന നിലവാരത്തിലേക്ക് എത്തിക്കൽ

പ്രവർത്തനങ്ങൾ:

മദ്ധ്യവേനൽ അവധിക്കാലത്ത് 2 ദിവസത്തെ ഇംഗ്ലീഷ് ഫെസ്റ്റ് മുഴുവൻ പ്രവർത്തനങ്ങളും ഇംഗ്ലീഷിൽ തന്നെ ചെയ്യൽ

# സാമൂഹ്യശാസ്ത്രം

| ക്രമ. നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|---|
| 1 | സാമൂഹ്യ ശാസ്ത്ര പഠനം കൂടുതൽ ശാസ്ത്രീയമാക്കുക. | വിദ്യാലയത്തിലെ സൗകര്യപ്രദമായ ഒരു മുറിയിൽ സാമൂഹ്യ ശാസ്ത്ര ലാബ് ക്രമീകരിക്കൽ | വർഷത്തിൽ ഒരു പ്രാവശ്യം | സാമൂഹ്യശാസ്ത്ര ക്ലബ് |
| 2 | സാമൂഹ്യ ശാസ്ത്ര അറിവുകളെ അപ്ഡേറ്റ് ചെയ്യുക. | വിദ്യാലയത്തിലെ മുഴുവൻ വിദ്യാർത്ഥികൾക്കും വായിക്കുവാൻ സൗകര്യപ്രദമായ ഒരിടത്ത് ബുള്ളറ്റിൻ ബോർഡ് സ്ഥാപിക്കുകയും എല്ലാ ദിവസത്തെയും പ്രധാന വാർത്തകൾ പ്രദർശിപ്പിക്കുകയും ചെയ്യൽ. | എല്ലാ പ്രവർത്തി ദിനങ്ങളിൽ | സാമൂഹ്യശാസ്ത്ര ക്ലബ് |
| 3 | ജനാ ധിപത്യ മൂല്യങ്ങൾ വളർത്തിയെടുക്കൽ. | പൊതു തിരഞ്ഞെടുപ്പ് മാതൃകയിൽ ഇലക്ട്രോണിക് വോട്ടിംഗ് മെഷീൻ ഉപയോഗിച്ച് സ്കൂൾ പാർലമെന്റ് തിരഞ്ഞെടുപ്പ് | ഒരു വർഷക്കാലം | സാമൂഹ്യശാസ്ത്ര ക്ലബ് |
| 4 | സമൂഹ്യ ശാസ്ത്രത്തിന്റെ വിശാലമായ ഭൂമികയിലേക്ക് പ്രവേശിപ്പിക്കൽ. | അധിക വായനയ്ക്ക് ഉപകരിക്കുന്ന പുസ്തകങ്ങൾ അറ്റ്ലസ്സുകൾ ഇയർ ബുക്കുകൾ എന്നിവ ക്രമീകരിച്ച സാമൂഹ്യശാസ്ത്ര വായന കോർണർ ഒരുക്കൽ. | വർഷത്തിൽ ഒരു പ്രാവശ്യം | സാമൂഹ്യശാസ്ത്ര ക്ലബ് |
| 5 | കുട്ടികളിൽ ജനസംഖ്യഅവ ബോധം വളർത്തിയെടുക്കൽ | ജൂലൈ 11 ലോക ജനസംഖ്യാ ദിനം വിവിധ പരിപാടികളോടെ ആചരിക്കൽ | പ്രവർത്തി ദിവസം | |
| 6 | കുട്ടികളിൽ യുദ്ധവിരുദ്ധ മനോഭാവം വളർത്തൽ. | ഓഗസ്റ്റ് 6,9 ഹിരോഷിമ നാഗസാക്കി ദിനചാരണ ങ്ങൾ വിവിധ പരിപാടി കളോടെ ആചരിക്കൽ | പ്രവർത്തി ദിവസം | സാമൂഹ്യശാസ്ത്ര ക്ലബ് |
| 7 | കുട്ടികളിൽ ദേശീയ ബോധം വളർത്തൽ | ഓഗസ്റ്റ് 15 - വൈവിധ്യമാർന്ന പരിപാടികളോടെ സ്വാതന്ത്ര്യദിനാഘോഷം | വർഷത്തിൽ ഒരു പ്രാവശ്യം | സാമൂഹ്യശാസ്ത്ര ക്ലബ് |
| 8 | കുട്ടികളിൽ വിവിധ ശേഷികൾ പരിപോഷിപ്പിക്കൽ. | * പഠനോപകരണനിർമ്മാണ ശിൽപ്പശാല<br>* സ്കൂൾ തല ശാസ്ത്രമേളയിൽ എല്ലാ കുട്ടികളുടെയും പങ്കാളിത്തം ഉറപ്പാക്കൽ,<br>* ഉപജില്ലശാസ്ത്ര മേളക്ക് കുട്ടികളെ തയ്യാറാക്കൽ. | ഒരു അധ്യയന വർഷം | സാമൂഹ്യശാസ്ത്ര ക്ലബ് |

| | | | | |
|---|---|---|---|---|
| 9 | പ്രത്യക്ഷ അനുഭവത്തിലൂടെ പാഠ്യവസ്തുതകൾ ഗ്രഹിക്കുന്നതിന് | ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളിലേക്ക് ഫീൽഡ് ട്രിപ്പ്. | മാസത്തിൽ ഒന്നു വീതം | സാമൂഹ്യശാസ്ത്ര ക്ലബ് |
| 10 | ശുചിത്വബോധം വളർത്തിയെടുക്കൽ. | * ഒക്ടോബർ 2-ഗാന്ധിജയന്തി ദിനാചരണം<br>* മാസത്തിൽ ഒരിക്കൽ ഡ്രൈ ഡേ ആചരണം | ഒരു അധ്യയന വർഷം | സാമൂഹ്യശാസ്ത്ര ക്ലബ് |
| 11 | പഴമയെ അറിയാൻ | പുരാവസ്തു പ്രദർശനം | നവംബർ | സാമൂഹ്യശാസ്ത്ര ക്ലബ് |
| 12 | കേരളത്തിന്റെ മഹത്വം മനസ്സിലാക്കാൻ. | കേരളപ്പിറവി ദിനാചരണം | ഒരു അധ്യയന വർഷം. | സാമൂഹ്യശാസ്ത്ര ക്ലബ് |
| 13 | അവകാശങ്ങൾ കടമകൾ ചുമതലകൾ എന്നീ ബോധം കുട്ടികളിൽ ഉണ്ടാക്കുന്നതിന്. | ഭരണഘടനാ ദിനാചരണം | ഒരു അധ്യയന വർഷം | സാമൂഹ്യശാസ്ത്ര ക്ലബ് |
| 14 | ആനുകാലിക വിഷയങ്ങളെക്കുറിച്ച് സംവാദം നടത്തി നിഗമനങ്ങൾ രൂപീകരിക്കുക. | * സമകാലിക പ്രസക്തിയുള്ള സാമൂഹിക ശാസ്ത്ര വിഷയങ്ങളെക്കുറിച്ച് സംവാദം സെമിനാർ, ഡിബേറ്റ്, പാനൽ ചർച്ച, പ്രഭാഷണം, തുടങ്ങിയവ സംഘടിപ്പിക്കൽ.<br>* ഇന്നോവറ്റീവ് പ്രൊജക്റ്റ് തയ്യാറാക്കൽ | മാസത്തിൽ ഒന്നുവീതം | സാമൂഹ്യശാസ്ത്ര ക്ലബ് |
| 15 | പ്രത്യക്ഷ അനുഭവത്തിലൂടെ പാഠ്യ വസ്തുതകൾ ഗ്രഹിക്കുന്നതിന്. | പഠന യാത്ര. | മാസത്തിൽ ഒന്നുവീതം | സാമൂഹ്യശാസ്ത്ര ക്ലബ് |
| 16 | ഭരണഘടനയിൽ അധിഷ്ഠിതമായ ദേശീയ ബോധം വളർത്തൽ. | റിപ്പബ്ലിക് ദിനാചരണം. | ഒരു അധ്യയന വർഷം. | സാമൂഹ്യശാസ്ത്ര ക്ലബ് |
| 17 | പഠനമികവുകളുടെ അവതരണം | പഠനോത്സവം | ഒരു അധ്യയന വർഷം | സാമൂഹ്യശാസ്ത്ര ക്ലബ് |

# അടിസ്ഥാന ശാസ്ത്രം

# SVAUP SCHOOL KULIKKILIYAD

## അക്കാദമിക് മാസ്റ്റർ പ്ലാൻ – യു.പി. ശാസ്ത്രം (2025–26)

| നം. | ലക്ഷ്യം | പ്രവർത്തനം | കാലക്രമം | സാമ്പത്തിക സഹായം | നടപ്പാക്കുന്ന ഏജൻസികൾ | അഭിപ്രായം |
|---|---|---|---|---|---|---|
| 1 | കുട്ടികളിൽ ശാസ്ത്രതാൽപര്യം ഉണർത്തുക | ശാസ്ത്രക്ലബ് രൂപീകരണം, ക്ലാസ് അടിസ്ഥാനത്തിലുള്ള പരീക്ഷണങ്ങൾ, ശാസ്ത്രമേള | ജൂൺ – ഡിസംബർ 2025 | PTA, | അധ്യാപകർ, SMC | |
| 2 | ശാസ്ത്രം ജീവിതവുമായി ബന്ധിപ്പിച്ച് പഠിപ്പിക്കൽ | പരിസ്ഥിതി പഠനം, കൃഷിസ്ഥല സന്ദർശനം, തദ്ദേശീയ ജ്ഞാനം ഉൾപ്പെടുത്തി പ്രവർത്തനങ്ങൾ | ഓഗസ്റ്റ് – നവംബർ 2025 | | അധ്യാപകർ, പ്രദേശവാസികൾ | |
| 3 | ശാസ്ത്ര ആശയങ്ങൾ ICT ഉപയോഗിച്ച് പ്രദർശിപ്പിക്കൽ | DIKSHA/E-pathshala പാഠങ്ങൾ, YouTube വീഡിയോകൾ, സ്പർശവേദി | തുടക്കം മുതൽ തുടർച്ചയായും | | IT കോ-ഓർഡിനേറ്റർ, അധ്യാപകർ | |
| 4 | ശാസ്ത്രപ്രവർത്തനങ്ങൾ DIY രീതിയിൽ അവതരിപ്പിക്കൽ | ഹാൻഡ്സ്-ഓൺ ആക്ടിവിറ്റികൾ, ചെറുപരീക്ഷണങ്ങൾ, മൊഡൽ നിർമ്മാണം | ജൂലൈ – ജനുവരി 2026 | സ്കൂൾ ഹെഡ്പ്രോം, PTA | അധ്യാപകർ, വിദ്യാർത്ഥികൾ | |
| 5 | ശാസ്ത്ര വിഷയത്തിൽ | ശാസ്ത്ര ദിനാചരണം, ശാസ്ത്ര | ഫെബ്രുവരി – മാർച്ച് 2026 | | ശാസ്ത്ര ക്ലബ് | |

| | | | | | | |
|---|---|---|---|---|---|---|
| | ശീലങ്ങൾ വളർത്തുക | ലേഖനം, ശാസ്ത്രമായി ആശയവിനിമയം | | | | |
| 6 | ശാസ്ത്ര മേഖലയിലെ കരിയർ സാധ്യതകൾ തിരിച്ചറിയാൻ സഹായിക്കുക | ശാസ്ത്ര മേഖല പ്രവർത്തകരുമായി സംവാദം, സൈൻസ് എക്സ്പോ സന്ദർശനം | ഡിസംബർ – ഫെബ്രുവരി | സ്പോൺസർഷിപ്പ് / PTA | കൌൺസിലർമാർ, അധ്യാപകർ | |
| 7 | സംയുക്ത പഠന മാർഗങ്ങളിലൂടെ ശാസ്ത്രം മനസ്സിലാക്കൽ | Social Science & Maths ഉം ശാസ്ത്രവുമായുള്ള ഇന്റഗ്രേഷൻ, STEM club | ജൂൺ മുതൽ | | അധ്യാപകർ | |

# MATHEMATICS

| | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 4 | ഗണിത പഠനം കൂടുതൽ ഫലപ്രാപ്തിയിലാക്കാൻ. | 1. ഗണിതാധ്യാപകൻ ലാപ് ടോപ്പ് ഉപയോഗിച്ച് ക്ലാസ് എടുക്കുക.<br>2. സ്കൂളിൽ പ്രോജക്ടർ, ലാപ്ടോപ് അടങ്ങിയ സ്മാർട്ട് ക്ലാസ് റൂം. | വർഷം മുഴുവൻ | ഗണിതാധ്യാപകർ SSA, MLA, MP. | |
| 5 | പ്രവർത്തനാധിഷ്ടിത ഗണിത പഠനം ഗണിത ലാബ് സജ്ജീകരിക്കൽ | 1. ഓരോ ക്ലാസിനും ആവശ്യമായ സാധനം ലിസ്റ്റ് ചെയ്യൽ, സംഘടിപ്പിക്കൽ.<br>2. സാധനങ്ങൾ എല്ലാം വളരെ മനോഹരമായ രീതിയിൽ സജ്ജീകരിക്കൽ. | ഒക്ടോബർ മാസം കൊണ്ട് പൂർത്തീകരിക്കുന്നു. | SSA, MLA, MP<br>ഗണിതാധ്യാപകൻ | 10,000.00 |
| 6 | ഗണിത ലൈബ്രറി ഒരുക്കൽ. | 5,6,7 ക്ലാസ്സുകളിലെ കുട്ടികൾക്ക് ആവശ്യമായ ഗണിത പുസ്തകങ്ങൾ ലിസ്റ്റ് ചെയ്യുന്നു, വാങ്ങുന്നു, പുസ്തകങ്ങൾ വെക്കാനുള്ള അലമാറ വാങ്ങുന്നു, സജ്ജീകരിക്കുന്നു. | ഒക്ടോബർ മാസത്തോടെ പൂർത്തീകരിക്കും. | SMC HM<br>ഗണിതാധ്യാപകൻ | 5,000.00 |

| | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 7 | ബുള്ളറ്റിൻ ബോർഡ് തയ്യാറാക്കൽ. | ഓരോ ക്ലാസിനും ഓരോ ബുള്ളറ്റിൻ ബോർഡ് വെക്കും. ഗണിത വാർത്തകൾ, പ്രശ്നോത്തരി, മാന്ത്രിക ചതുരം, പസിലുകൾ, തുടങ്ങിയവ പ്രദർശിപ്പിക്കും | ആഴ്ചയിൽ ഓരോ ദിവസം ഓരോപ്രവർത്തനം | ഗണിതാധ്യാപകർ ഗണിത ക്ലബ്ബ്. | ഒരു വർഷത്തേക്ക് 2000.00 |
| 8 | ഗണിത ശില്പ ശാല നടത്തൽ | ശില്പശാല നടത്താൻ വിദഗ്ദരെ കണ്ടെത്തൽ അവരുടെ നേതൃത്വത്തിൽ രസകരമായ രീതിയിൽ ശിൽപ്പശാല നടത്തൽ ശിൽപ്പശാലയിലെ ഉൽപ്പന്നങ്ങൾ ഗണിത ലാബിൽ സജ്ജീകരിക്കുക. | ആഗസ്റ്റ് മാസം ഫെബ്രുവരി മാസം. | SMC MPTA അധ്യാപകർ | 600.00 |
| 9 | ഗണിത സഹവാസ ക്യാമ്പ് നടത്തുക. | 40/60 കുട്ടികൾ വീതം വരുന്ന 2 ദിവസത്തെ ക്യാമ്പ് നടത്തുന്നു. ഒറിഗാമി, പസിൽസ്, കണക്കിലെ കളികൾ, രൂപങ്ങൾ തുടങ്ങിയവയുടെ പരിശീലനം, വിദഗ്ദരുടെ ക്ലാസ്സ്. | ഡിസംബർ - 1 ക്രിസ്മസ് അവധി | SMC MPTA, HM.അധ്യാപകർ | 10,000.00 |

| | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 10 | പ്രകൃതിയിലെ ഗണിതം തൊട്ടറിയാൻ ഫീൽഡ് ട്രിപ്പ് | പ്രകൃതിയിലെ ഗണിതം തൊട്ടറിയാൻ സമീപ പ്രദേശത്തേക്ക് ഫീൽഡ് ട്രിപ്പ് നടത്തുന്നു. | പഠനാനുഭവങ്ങൾക്ക് യോജിച്ച രീതിയിലുള്ള സമയം. | ഗണിതാധ്യാപകർ | ഒരു വർഷത്തേക്ക് 2000.00 |
| 11 | ഭിന്ന ശേഷിക്കാർക്കായി പ്രത്യേക ശിൽപശാല | ഭിന്നശേഷിക്കാരായ കുട്ടികൾക്കു വേണ്ടി ക്ലാസ്സ് എടുക്കുന്നതിൽ പരിശീലനം ലഭിച്ച അധ്യാപകരെ ഉപയോഗപ്പെടുത്തി ശിൽപ്പശാല സംഘടിപ്പിക്കുന്നു. | ജനുവരി | SSA, SMC ഗണിതാധ്യാപകർ | 5000.00 |
| 12 | പ്രതിഭാ പോഷണം | ഗണിതത്തിൽ കൂടുതൽ മിടുക്കരായ കുട്ടികളെ കണ്ടെത്തി വിദഗ്ദരെക്കൊണ്ട് ക്ലാസ് നടത്തുന്നു. | ആഗസ്റ്റ് to ഫെബ്രുവരി | ഗണിതാധ്യാപകർ | 2000.00 |